കെസിബിസി
മീഡിയ



# വത്തിക്കാൻ തരംഗം

Vol No.36 No.1 January 2026 Rs.5.00



# CHARISM WORKSHOPS IN IRELAND

## Led by Br. Thomas Paul

Contact: Margaret Merrigan +353 87 123 6693



**FEBRUARY, 2026**

| Date | Venue |
|---|---|
| **7,8**<br>Starts at 11.30 am | Gurtcreen<br>Listowel ,Co-Kerry, V31XV97 |
| **9,10**<br>Starts at 6.30 pm | HOLY SPIRIT PRAYER GROUP DUNDALK, COUNTY LOUTH<br>AIRCODE: A91 E3XC Info: 085-159-2603 |
| **10**<br>11 am - 2 pm | Oasis of Peace Centre, Melifont Abbey, Collon, Co Louth.<br>Phone 089 6152568 |
| **11**<br>Starts at 7pm | Portmarnock Parish Centre<br>St. Anne's Catholic Church, Portmarnock |
| **13,14,15**<br>9.30am - 5pm | Avila centre<br>Bloomfield Ave, Morehampton Rd, Ranelagh, Dublin 4, D04YF66 |
| **16**<br>10.45am -4pm | Benburb Priory, 10 Main St. Benburb,<br>Dungannon, Co.Tyrone. BT71 7JZ. |
| **17**<br>7pm - 9pm | St. Pio House, Galliagh ,<br>Three Patrons Parish, Derry (Life in the Spirit Seminar) |
| **19,20,21**<br>9am - 5pm | St.McNissius Parish hall<br>4StationRd,Randalstown,Antrim BT41 2AQ |
| **22,23,24**<br>Starts at 9 am | HLI Building,Main Street,<br>Knock |

വത്തിക്കാൻ തരംഗം
VATHICAN THARANGAM

January - 2026
RN. 55 178/94
പുസ്തകം- 36

Monthly
ലക്കം-1


# ഉള്ളടക്കം


- എഡിറ്റോറിയൽ ... 04
- സഭകൾ ഏകമനസ്സോടെ ... 07
- നീതിയുടെ സത്യവും ... 13
- യുദ്ധങ്ങൾ അവസാനിക്കാൻ ... 15
- പരിശുദ്ധാത്മാഭിഷേകത്തിന്റെ ... 17
- ക്രിസ്തു ജീവിക്കുന്നു ... 20
- ഓർമ്മ ആദരം ... 22
- വാർത്തയും ചിന്തയും ... 26



*മുഖ്യരക്ഷാധികാരി*

- ബിഷപ്പ് ആന്റണി മാർ സിൽവാനോസ്

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ
- ബിഷപ്പ് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

*ചീഫ് എഡിറ്റർ* • ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ
*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. തോമസ് തറയിൽ
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* • അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656



കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ



# സഭാ ഭരണത്തിൽ പങ്കാളിത്തത്തിന്റെ പുതിയ ശൈലി

**EDITORIAL**



2023 ഒക്ടോബറിൽ റോമിൽ സംഘടിപ്പിച്ച മെത്രാൻ സിനഡ് സ്വർഗീയ ജെറുസലേം ലക്ഷ്യമാക്കി തീർത്ഥാടനം ചെയ്യുന്ന സഭയിൽ നിരന്തരം നടക്കുന്ന നവീകരണത്തെക്കുറിച്ച് ലോകത്തിന് വ്യക്തമായ ബോധ്യങ്ങൾ നൽകുകയുണ്ടായി. സിനഡിനായി പ്രസിദ്ധീകരിച്ച ഒരുക്ക രേഖയിൽ സകലർക്കുമുള്ള സദ് വാർത്തയായ യേശുവിലേക്ക് സഭ വീണ്ടും വിശ്വാസികളുടെ ശ്രദ്ധ ക്ഷണിച്ചതും നാം കണ്ടു.

വിശുദ്ധീകരണവും വേർതിരിക്കലും സ്വത്വബോധരൂപവൽക്കരണവുമാണ് ഇസ്രായേൽ സമൂഹത്തിന്റെ രൂപീകരണത്തിനും നവീകരണത്തിനും സഹായിച്ചതെന്ന് വേദഗ്രന്ഥം സാക്ഷ്യപ്പെടുത്തുമ്പോൾ ആധുനിക സഭയുടെ പുനർനിർമിതിക്കു വഴിയൊരുക്കാൻ ഇതേ ഘടകങ്ങളെ തന്നെ നാം ആശ്രയിക്കേണ്ടതുണ്ട്.

സിനഡാത്മകത എന്ന പാതയിലൂടെ സഞ്ചരിക്കാൻ ഫ്രാൻസിസ് പാപ്പ നമ്മെ ആഹ്വാനം ചെയ്തു. സിനഡിന്റെ ഒരുക്ക രേഖയിൽ പറഞ്ഞു: സ്വപ്നങ്ങൾ നട്ടുപിടിപ്പിക്കാനും പ്രവചനങ്ങളും ദർശനങ്ങളും പുറത്തെടുക്കാനും പ്രത്യാശ തഴച്ചുവളരാൻ അനുവദിക്കാനും വിശ്വാസമർപ്പിക്കുന്നത് പ്രചോദിപ്പിക്കുവാനും മുറിവുകൾ വച്ചുകെട്ടാനും ബന്ധങ്ങൾ ഒരുമിച്ച് തുന്നിച്ചേർക്കാനും പ്രതീക്ഷയുടെ ഒരു പുലരി ഉണർത്താനും മറ്റൊരുവനിൽ നിന്നും പരസ്പരം പഠിക്കാനും മനസ്സിനെ ഉദ്ദീപ്തമാക്കുന്ന ഹൃദയങ്ങളെ ഊഷ്മളമാക്കുന്ന നമ്മുടെ കരങ്ങൾക്ക് ശക്തി പകരുന്ന പ്രദീപ്തമായ ഒരു വിഭവ സമ്പത്ത്



സൃഷ്ടിക്കാനും വേണ്ടിയാണിത്'" (സിനഡിന്റെ ഒരുക്ക രേഖ, നമ്പർ 32) മെത്രാന്മാരുടെ സിനഡിന്റെ പരിഗണനാ വിഷയം ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം എന്നതായിരുന്നു. തീർത്ഥാടക സഭയുടെ പ്രധാന ലക്ഷണം തന്നെ 'ഒരുമിച്ചുള്ള സഞ്ചാര'മാണെന്നും ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മിപ്പിച്ചു. ഈ ചിന്തകളുടെ പശ്ചാത്തലത്തിലാണ്, പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ലെയോ പതിനാലാമൻ പാപ്പ വത്തിക്കാൻ ഭരണ രീതിയിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. കൂടുതൽ പങ്കാളിത്തമുള്ള ((Participatory)) ഒരു സഭാഭരണ രീതിക്ക് ലെയോ പതിനാലാമൻ രൂപം നൽകിക്കഴിഞ്ഞു. ലോകമെങ്ങുമുള്ള 170 കർദ്ദിനാൾമാർ പങ്കെടുത്ത 'അസാധാരണ കൺസിസ്റ്ററി' യിൽ 5 മുതൽ 11 വരെയുള്ള ചെറു സംഘങ്ങളായി അവരെ സമ്മേളിക്കാൻ വേദിയൊരുക്കുകയും അതിനുശേഷം അവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കാനും പാപ്പ നിർദ്ദേശം നൽകി. ഫ്രാൻസിസ് പാപ്പ C 9 എന്ന ഉപദേശക സമിതിയെ ആശ്രയിച്ചിരുന്നുവെങ്കിലും ഭരണ കാര്യത്തിനായി പുതിയ പാപ്പ എല്ലാ കർദ്ദിനാൾമാരെയും സഭയുടെ ഭരണകാര്യങ്ങളിൽ പങ്കാളികളാക്കാൻ ആഗ്രഹിക്കുന്നു.

നാല് മുഖ്യവിഷയങ്ങൾ വോട്ടെടുപ്പിനായി തെരഞ്ഞെടുത്തുവെങ്കിലും സഭയുടെ ദൗത്യത്തിനും (മിഷൻ) സിനഡാലിറ്റിക്കുമാണ് കൂടുതൽ പ്രാമുഖ്യം ലഭിച്ചത്. റോമിലെ കർദ്ദിനാൾമാരെ ആശയവിനിമയത്തിനായി എപ്പോഴും സംലഭ്യമായിരിക്കെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ 'സഭയുടെ രാജകുമാരന്മാരെ' ശ്രവിക്കാൻ പാപ്പ കൂടുതൽ ശ്രമിച്ചു. 'നമ്മുടെ സഭയിൽ ജീവനുണ്ടോ' എന്ന ചോദ്യത്തിന് എനിക്ക് അക്കാര്യത്തിൽ പൂർണ്ണ ബോധ്യമുണ്ടെന്ന് സ്വയം മറുപടി പറഞ്ഞുകൊണ്ടാണ് ലെയോ പതിനാലാമൻ സമ്മേളനം അവസാനിപ്പിച്ചത്. സഭയുടെ കേന്ദ്രീകൃത ഭരണരീതി മാറ്റി എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു ശൈലിയുടെ സമാരംഭമാണിത്. സഭയെ നവീകരിക്കാനുള്ള ശ്രമങ്ങൾക്ക് ലെയോ പതിനാലാമൻ പാപ്പയോടൊപ്പം നമ്മുടെ പ്രാർത്ഥനകളിലൂടെ നമുക്കും പങ്കാളികളാകാം. ❍

**ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ കളപ്പുരക്കൽ**
ചീഫ് എഡിറ്റർ

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ്ണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# സഭകൾ ഏക മനസ്സോടെ യേശുവിനെ ലോകത്തിനു നൽകണം: ലെയോ പാപ്പ

**ബാബു കദളിക്കാട്**

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** ഒരേ വിശ്വാസം പങ്കിടുന്ന വ്യത്യസ്ത ക്രിസ്തീയ സഭാ വിഭാഗങ്ങൾ ലോകമെമ്പാടും സുവിശേഷം പ്രചരിപ്പിക്കുക എന്ന ദൗത്യത്തിൽ ഒരുമിച്ചു ചേരേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിയണമെന്ന ആഹ്വാനമേകി ലിയോ പതിനാലാമൻ മാർപാപ്പ. വിശുദ്ധ പൗലോസിന്റെ മാനസാന്തരത്തിന്റെ ആഘോഷത്തോടനുബന്ധിച്ച് അൻപത്തിയൊമ്പതാമത് സഭൈക്യവാര പ്രാർത്ഥനയുടെ സമാപനത്തിൽ, വിശുദ്ധ പൗലോസിന്റെ ബസിലിക്കയിലെ സായാഹ്ന പ്രാർത്ഥനാ മദ്ധ്യേ നൽകിയ സന്ദേശത്തിലാണ് സഭകൾ ഏക മനസ്സോടെ യേശുവിനെ ലോകത്തിനു നൽകണമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചത്. 'നമ്മൾ ഇതിനകം തന്നെ ഒന്നാണ്! നമുക്ക് അത് തിരിച്ചറിയാം, അനുഭവിക്കാം, അത് ദൃശ്യമാക്കാം! നമുക്കിടയിലുള്ള ഭിന്നതകൾ ക്രിസ്തുവിന്റെ വെളിച്ചം പ്രകാശിക്കുന്നതിൽ നിന്ന് തടയുന്നില്ലെങ്കിലും ലോകത്തിന് അത് പ്രതിഫലിപ്പിക്കേണ്ട മുഖത്തെ പ്രകാശം കുറഞ്ഞതാക്കുന്നു'. ഇക്കാര്യം മനസ്സിൽ വെച്ചുകൊണ്ട്, സുവിശേഷം പ്രചരിപ്പിക്കുക എന്ന ദൗത്യത്തോടുള്ള ക്രിസ്ത്യാനികളുടെ പ്രതിബദ്ധതയെ ഈ വാർഷിക പരിപാടി അടയാളപ്പെടുത്തുന്നതായി പാപ്പാ ചൂണ്ടിക്കാട്ടി. ഈ പ്രാർത്ഥനാ വാരം ഒരുമയോടുകൂടിയ പ്രേഷിതദൗത്യം നമ്മെ ഓർമ്മപ്പെടുത്തുന്നു.



**പ്രാർത്ഥനാ വരം**

സഭ, ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം എല്ലാ വർഷവും ജനുവരി 18 മുതൽ 25 വരെ നടക്കുന്നു. കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയാർക്കേറ്റിനെ പ്രതിനിധീകരിക്കുന്ന പോളികാർപ്പസ് മെത്രാപ്പോലീത്ത, അർമേനിയൻ അപ്പസ്തോലിക് സഭയിൽ നിന്നുള്ള ആർച്ച് ബിഷപ്പ് ഖജാഗ് ബർസാമിയൻ, ആംഗ്ലിക്കൻ കമ്മ്യൂണിയനിലെ ബിഷപ്പ് ആന്റണി ബോൾ എന്നിവരുൾപ്പെടെ വിവിധ ക്രിസ്ത്യൻ സഭകളുടെ നിരവധി പ്രതിനിധികളും ക്രിസ്ത്യൻ ഐക്യം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഡിക്കാസ്റ്ററിയുടെ പ്രീഫെക്റ്റ് കർദ്ദിനാൾ കർട്ട് കോച്ചും മറ്റ് എക്യുമെനിക്കൽ ഗ്രൂപ്പുകളും തീർത്ഥാടകരും സായാഹ്ന പ്രാർത്ഥനാ വേളയിൽ സന്നിഹിതരായിരുന്നു.
ഈ വർഷത്തെ പ്രാർത്ഥനാവാരത്തിന്റെ പ്രമേയമായി തിരഞ്ഞെടുത്ത സെന്റ് പോൾസ് എഫെസൊസുകാർക്കെഴുതിയ ലേഖനത്തിൽ നിന്നുള്ള ഖണ്ഡികയിൽ, 'ഒന്ന്" എന്ന വിശേഷണം നാം ആവർത്തിച്ച് കേൾക്കുന്നു:മാർപ്പാപ്പ തന്റെ പ്രസംഗത്തിൽ വിശദീകരിച്ചു.'ഒരു ശരീരം, ഒരു ആത്മാവ്, ഒരു പ്രത്യാശ, ഒരു കർത്താവ്, ഒരു വിശ്വാസം, ഒരു സ്നാനം, ഒരു ദൈവം. ഈ വിശ്വസ്ത വാക്കുകൾ നമ്മെ എങ്ങനെ ആഴത്തിൽ സ്പർശിക്കാതിരിക്കും? അവ കേൾക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾ നമ്മിൽ എങ്ങനെ ജ്വലിക്കാതിരിക്കും?'പാപ്പാ ചോദിച്ചു. ദൈവത്തിലും യേശുക്രിസ്തുവിലും പരിശുദ്ധാത്മാവിലും നാം എങ്ങനെ ഒരേ വിശ്വാസം പങ്കിടുന്നുവെന്നു തിരിച്ചറിയണം.
സഭയെ പീഡിപ്പിക്കുന്ന ഒരാളിൽ നിന്ന് യേശുവിന്റെ 'ഉജ്ജ്വലമായ സ്നേഹം' പ്രസംഗിച്ച ഒരാളിലേക്കുള്ള വിശുദ്ധ പൗലോസിന്റെ പരിവർത്തനത്തെ പാപ്പാ ഉദാഹരണമായി ചൂണ്ടിക്കാട്ടി. തന്റെ ശവകുടീരത്തിന് മുന്നിൽ ഇപ്പോൾ ഒത്തുകൂടിയ നമ്മെ, തന്റെ ദൗത്യം എല്ലാ ക്രിസ്ത്യാനികളുടെയും ദൗത്യത്തിന് തുല്യമാണെന്ന് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നു. 'ക്രിസ്തുവിനെ പ്രഖ്യാപിക്കുകയും എല്ലാവരെയും അവനിൽ ആശ്രയിക്കാൻ ക്ഷണിക്കുകയും ചെയ്യുകയാണു നമ്മുടെ ദൗത്യം.'

**പുതിയ ദർശനം , പുതിയ ദിശ**

അപ്പസ്തോലന്മാരിൽ ഏറ്റവും ചെറിയവൻ എന്ന് സ്വയം വിശേഷിപ്പിക്കുന്ന വിശുദ്ധ പൗലോസ് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടു മുട്ടിയ നിമിഷമാണ് മാനസാ

ന്തരത്തിനു വഴിയൊരുക്കിയത്. അതിന്റെ അനുസ്മരണം നാം ആഘോഷിക്കുന്നു. ഒരിക്കൽ യേശുവിനെ പീഡിപ്പിച്ചവൻ ദൈവകൃപയാൽ പൂർണ്ണമായും രൂപാന്തരപ്പെടുകയും അവന്റെ സാക്ഷിയായി മാറുകയും ചെയ്തു. ക്രിസ്തുവിന്റെ നാമത്തെ ക്രൂരതയോടെ നേരിട്ടവൻ തീക്ഷ്ണതയോടെ അവന്റെ സ്നേഹം പ്രഘോഷിക്കുന്നു. അതിനാൽ ക്രിസ്തുവിന്റെ ശരീരം കെട്ടിപ്പടുക്കുന്നതിനുള്ള ദൗത്യം നിർവഹിക്കുന്നതിന് ഒരു പുതിയ ദർശനവും പുതിയ ദിശയും നല്കുന്നത് കർത്താവുമായുള്ള കൂടിക്കാഴ്ചയും നമ്മുടെ പരിവർത്തനവുമാണെന്നു പാപ്പാ പറഞ്ഞു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഭരണഘടനയായ ലുമെൻ ജെന്റിയവും പാപ്പാ ഉദ്ധരിച്ചു. അതിൽ സഭ 'എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഖ്യാപിക്കാനും അങ്ങനെ സഭയുടെ മുഖത്ത് തിളങ്ങുന്ന ക്രിസ്തുവിന്റെ വെളിച്ചം എല്ലാ മനുഷ്യരാശിക്കും കൊണ്ടുവരാനുമുള്ള അതിന്റെ തീവ്രമായ ആഗ്രഹം പ്രകടിപ്പിച്ചു. എല്ലാ ക്രിസ്ത്യാനികളും പങ്കിടേണ്ട കടമയാണ് ലോകത്തോട് എളിമയോടെയും സന്തോഷത്തോടെയും സുവിശേഷം പറയുക എന്നത്'.


2025 നവംബറിൽ തുർക്കിയിലെ ഇസ്നിക്കിൽ നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷിക സ്മരണയ്ക്കായി വിവിധ ക്രൈസ്തവനേതാക്കൾക്കൊപ്പം താൻ നടത്തിയ എക്യുമെനിക്കൽ പ്രാർത്ഥനാ ശുശ്രൂഷയും പാപ്പാ അനുസ്മരിച്ചു. 'നിഖ്യാ വിശ്വാസപ്രമാണം രൂപപ്പെടുത്തിയ സ്ഥലത്ത് തന്നെ ഒരുമിച്ച് പാരായണം ചെയ്തത് ക്രിസ്തുവിലുള്ള നമ്മുടെ ഐക്യത്തിന് ആഴമേറിയതും മറക്കാനാവാത്തതുമായ ഒരു സാക്ഷ്യമായിരുന്നു. നമ്മുടെ കാലത്തെ പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരേ സ്വരത്തിൽ വിശ്വാസം പ്രഖ്യാപിക്കുന്നതിന് ഇന്നും പരിശുദ്ധാത്മാവ് നമ്മിൽ ശാന്തമായ മനസ്സുകളെ കണ്ടെത്തട്ടെ!"

## എക്യുമെനിക്കൽ യാത്ര

2033-ൽ ആഘോഷിക്കപ്പെടുന്ന ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും 2000-ാം വാർഷികത്തെക്കുറിച്ചും ലിയോ പാപ്പാ പരാമർശിച്ചു. ഈ സംഭവത്തിന്റെ വെളിച്ചത്തിൽ, 'നാം ആരാണെന്നും, നമ്മൾ എന്താണ് ചെയ്യുന്നതെന്നും, പഠിപ്പിക്കുന്നതെന്നും പരസ്പരം പങ്കിടുന്നതിനും എക്യുമെനിക്കൽ സിനഡൽ ആചാരങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിനും സ്വയം പ്രതിജ്ഞാബദ്ധരാകണം'. 2023, 2024 വർഷങ്ങളിൽ വത്തിക്കാനിൽ നടന്ന ബിഷപ്പുമാരുടെ സിനഡിന്റെ അസംബ്ലി



സെഷനുകളിൽ നിരവധി സാഹോദര്യ ക്രിസ്ത്യൻ പ്രതിനിധികൾ പങ്കെടുത്തതായി പാപ്പാ അനുസ്മരിച്ചു. 'നമ്മുടെ സിനഡൽ ഘടനകളെയും പാരമ്പര്യങ്ങളെയും കുറിച്ചുള്ള പരസ്പര അറിവിൽ ഒരുമിച്ച് വളരുന്നതിനുള്ള ഒരു പാതയാണിതെന്ന് ഞാൻ വിശ്വസിക്കുന്നു'.
കത്തോലിക്കാ സഭയുടെ സിനഡൽ യാത്ര എക്യുമെനിക്കൽ ആണെന്ന് ഫ്രാൻസി




ണം. എന്നാൽ അത് തന്ത്രപരമായ വിജയത്തിനോ രാഷ്ട്രീയ നേട്ടത്തിനോ അല്ല, മറിച്ച് സുവിശേഷം പ്രസംഗിക്കുന്നതിനുവേണ്ടിയാകണം'– വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുടെ വാക്കുകളും ലിയോ പതിനാലാമൻ ഉദ്ധരിച്ചു.

**'പ്രത്യാശയുടെ ജൂബിലി'**

ചരിത്രത്തിന്റെ ഭാഗമായി മാറിയ 2025–ലെ 'പ്രത്യാശയുടെ ജൂബിലി' ക്ക് സമാപനം കുറിക്കപ്പെട്ടു. 378 ദിവസങ്ങൾ ലോകത്തിന് മുന്നിൽ കാരുണ്യത്തിന്റെ കവാടമായി തുറന്നുകിടന്ന വിശുദ്ധ പത്രോസിന്റെ ബസിലിക്കയിലെ വിശുദ്ധ വാതിൽ ദനഹാ തിരുനാൾ ദിനത്തിൽ ലിയോ പതിന്നാലാമൻ മാർപാപ്പ അടച്ചതോടെയാണ് ജൂബിലിക്ക് വിരാമമായത്.
ദൈവാലയങ്ങൾ കേവലം സ്മാരകങ്ങളായി മാറാതെ ജീവനുള്ള വിശ്വാസത്തിന്റെയും പുതിയ പ്രത്യാശ ഉദയം ചെയ്യുകയും ചെയ്യുന്ന ഇടങ്ങളായി മാറണണമെന്ന് തുടർന്ന് അർപ്പിച്ച ദിവ്യബലിയിലെ പ്രസംഗത്തിൽ പാപ്പ പറഞ്ഞു. ദൈവാലയങ്ങളെ സ്മാരകങ്ങളായി ചുരുക്കാതിരിക്കുകയും നമ്മുടെ സമൂഹങ്ങൾ കുടുംബങ്ങളാവുകയും അധികാരത്തിലിരിക്കുന്നവർ വച്ച് നീട്ടുന്ന പ്രലോഭനങ്ങൾക്കെതിരെ ഒരുമിച്ച് നിൽക്കുകയും ചെയ്താൽ പുതിയ സൂര്യോദയത്തിന്റെ തലമുറയായി നമുക്ക് മാറാൻ സാധിക്കും.പ്രത്യാശയുള്ളവർക്ക് ദൈവം എപ്പോഴും പുതിയ വഴികൾ തുറന്നുകൊടുക്കുന്നു. സ്വന്തമായ വഴിയിലൂടെ യാത്ര ചെയ്യുന്നതിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്ന ജ്ഞാനികൾ ഇന്നും നമ്മുടെ ഇടയിലുണ്ട്. അപകടവരും സങ്കീർണ്ണമായ ലോകത്ത് അന്വേഷണാത്മകമായ യാത്രയ്ക്കായി

സ് മാർപാപ്പ വിശദീകരിച്ചിരുന്നതായി ലിയോ പാപ്പ ചൂണ്ടിക്കാട്ടി. ക്രിസ്തീയ ഐക്യത്തിനായുള്ള ഈ വർഷത്തെ പ്രാർത്ഥനാ വാര ഘടകങ്ങൾ തയാറാക്കിയ അർമേനിയൻ സഭയെയും പാപ്പാ പ്രത്യേകം അനുസ്മരിക്കുകയും, അവരുടെ ധീരമായ ക്രിസ്തീയ സാക്ഷ്യവും, രക്തസാക്ഷിത്വവും ഏവർക്കും പ്രചോദനമാണെന്ന കാര്യം ഓർമ്മിപ്പിക്കുകയും ചെയ്തു. 'ഐക്യം അത്യന്താപേക്ഷിതമാണെന്ന ആഴത്തിലുള്ള ആന്തരിക ബോധ്യം ക്രിസ്ത്യാനികൾക്ക് ഉണ്ടായിരിക്ക



അവർ ഇറങ്ങിത്തിരിക്കുന്നു.

അന്വേഷിക്കാനും യാത്ര ചെയ്യാനും പുതിയതായി തുടങ്ങാനുമുള്ള മനുഷ്യന്റെ ആഴമായ ദാഹത്തെപ്പോലും ഇന്ന് കച്ചവടമായി മാറ്റാൻ ശ്രമിക്കുന്നതായി പാപ്പ നിരീക്ഷിച്ചു.സമാധാനത്തെ തേടുകയും ആഗ്രഹിക്കുകയും ചെയ്യുക എന്നാൽ വിശുദ്ധമായതിനെയും, കുഞ്ഞുങ്ങളെപ്പോലെ ദുർബലവും ചെറുതമായതിനെയും സംരക്ഷിക്കുക എന്നതാണർത്ഥം. ജൂബിലി വർഷാചരണം സന്ദർശകനിൽ ഒരു തീർത്ഥാടകനെയും, അപരിചിതനിൽ ഒരു അന്വേഷകനെയും വിദേശികളായവരിൽ ഒരയൽക്കാരനെയും കണ്ടെത്താൻ നമ്മെ പ്രാപ്തരാക്കിയോ എന്ന് വിചിന്തനം ചെയ്യുവാൻ പാപ്പ വിശ്വാസികളെ ക്ഷണിച്ചു. ലിയോ പതിനാലാമൻ പാപ്പാ വിളിച്ചുകൂട്ടിയ അസാധാരണ കൺസിസ്റ്ററി സുപ്രധാന ചർച്ചകൾക്ക് വേദിയായി. അടുത്ത കൺസിസ്റ്ററി, വിശുദ്ധ പത്രോസ് പൗലോസ്





ശ്ലീഹന്മാരുടെ തിരുനാളിനടുത്ത്, ജൂൺ മാസത്തിൽ ഉണ്ടാകുമെന്നും, ഇനിമുതൽ എല്ലാ വർഷവും കൺസിസ്റ്ററി വിളിച്ചുകൂട്ടുമെന്നും പാപ്പാ പറഞ്ഞു. ജനുവരി ഏഴ്, എട്ട് തീയതികളിലായി നടന്ന തന്റെ പ്രഥമ അസാധാരണ കൺസിസ്റ്ററിയുടെ മൂന്നാമത്തേതും അവസാനത്തേതുമായ സമ്മേളനത്തിൽ സംസാരിക്കവേയാണ് ഇനിമുതൽ കൺസിസ്റ്ററികൾ തുടർച്ചയായി ഉണ്ടാകുമെന്ന് പാപ്പാ അറിയിച്ചത്.
തന്നെ തിരഞ്ഞെടുത്ത കോൺക്ലേവിന്റെ പൊതുസമ്മേളനങ്ങളിൽ ഉയർന്നുവന്നിരുന്ന ആവശ്യം കൂടിയായിരുന്നു, കർദ്ദിനാൾമാരുടെ കൂടുതൽ സമ്മേളനങ്ങൾ വേണമെന്നത്. വരാനിരിക്കുന്ന കൺസിസ്റ്ററികളുടെ ഒരു മുന്നോടിയാണ് ഇത്തവണത്തേതെന്ന് ജനുവരി ഏഴാം തീയതി നടത്തിയ പ്രഭാഷണത്തിലും പാപ്പാ അറിയിച്ചിരുന്നു.കൺസിസ്റ്ററിയിൽ സംബന്ധിച്ച മുതിർന്ന കർദ്ദിനാൾമാരുടെ സാന്നിദ്ധ്യം പാപ്പാ പ്രത്യേകം പരാമർശിക്കുകയും, അവരേകുന്ന സാക്ഷ്യം പ്രധാനപ്പെട്ടതാണെന്ന് പ്രസ്താവിക്കുകയും ചെയ്തു.
സിനഡാത്മകത, എവഞ്ചേലി ഗൗദിയൂമിന്റെ വെളിച്ചത്തിൽ, സഭയുടെ മിഷനറി നിയോഗം എന്നിവയെക്കുറിച്ചായിരുന്നു ഇത്തവണത്തെ കൺസിസ്റ്ററിയിൽ പങ്കെടുത്ത കർദ്ദിനാൾമാർ ചർച്ച ചെയ്തത്.സഭയുടെ മുന്നോട്ടുള്ള യാത്രയുടെയും നവീകരണത്തിന്റെയും അടിസ്ഥാനമായി നിൽക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രാധാന്യം പാപ്പാ എടുത്തുപറഞ്ഞു. ഇത്തവണത്തെ കൺസിസ്റ്ററിയിൽ തിരഞ്ഞെടുക്കപ്പെടാതെപോയ, ആരാധനാക്രമം, പ്രെദിക്കാത്തെ എവഞ്ചേലിയും എന്നീ രണ്ടു കാര്യങ്ങളും ഈ സൂനഹദോസുമായി പ്രത്യേകമായ വിധത്തിൽ ബന്ധപ്പെട്ടവയാണെന്നും, അവ മറന്നുപോകരുതെന്നും ഓർമ്മിപ്പിച്ചു.
കർദ്ദിനാൾ സംഘത്തിലെ വോട്ടവകാശമുള്ളവരും ഇല്ലാത്തവരുമായ നൂറ്റിയെഴുപതോളം അംഗങ്ങളാണ് സമ്മേളനങ്ങളിൽ സംബന്ധിച്ചത്.
പാപ്പായെക്കൂടാതെ, സൗത്ത് ആഫ്രിക്കയിൽനിന്നുള്ള കർദ്ദിനാൾ സ്റ്റീഫൻ ബ്രിസ്ലിൻ, ഫിലിപ്പീൻസിൽനിന്നുള്ള കർദ്ദിനാൾ പാബ്ലോ ഡേവിഡ്, കൊളംബിയയിൽനിന്നുള്ള കർദ്ദിനാൾ ലൂയിസ് ഹൊസെ റുയേദ അപ്പരീസിയോ എന്നിവർ കൺസിസ്റ്ററിയിൽ ചർച്ച ചെയ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് സമ്മേളനത്തിന്റെ അവസാനം സംസാരിച്ചു. ❍



# നീതിയുടെ സത്യവും സ്നേഹവും എതിർ ധ്രുവങ്ങളല്ലെന്ന് പാപ്പ

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** പരിശുദ്ധ സിംഹാസനത്തിന്റെ സഭാ കോടതിയായ 'സേക്രഡ് റോമൻ റോട്ട'യുടെ നീതിന്യായ വർഷത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച്, ലിയോ പതിനാലാമൻ പാപ്പാ, കോടതിയിൽ സേവനമനുഷ്ഠിക്കുന്നവരുമായി ആദ്യ കൂടിക്കാഴ്ച നടത്തി. ദൈനംദിന ദൗത്യത്തിൽ ഏവരും സത്യവും സ്നേഹവും പുലർത്തണമെന്ന് വിശുദ്ധ പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് പാപ്പാ ആഹ്വാനം ചെയ്തു. നീതിയുടെ സത്യവും, സ്നേഹവും രണ്ട് എതിർ ധ്രുവങ്ങളല്ല. മറിച്ച് സ്നേഹവും സത്യവുമുള്ള ദൈവത്തിന്റെ രഹസ്യാത്മകതയിൽ അവയുടെ ആഴത്തിലുള്ള ഐക്യം കണ്ടെത്തുന്ന രണ്ട് ആന്തരികമാനങ്ങളാണെന്നു പാപ്പാ ചൂണ്ടിക്കാട്ടി.

നീതിന്യായ പ്രവർത്തനത്തിന്റെ പ്രയോഗത്തിൽ വസ്തുനിഷ്ഠമായ സത്യത്തിന്റെ ആവശ്യങ്ങളും ദാനധർമ്മത്തിന്റെ ആവശ്യങ്ങളും തമ്മിൽ ഒരു വൈരുദ്ധ്യാത്മക പിരിമുറുക്കം പലപ്പോഴും ഉയർന്നുവരുന്നുവെന്നത് യാഥാർഥ്യമാണെന്നു പാപ്പാ പറഞ്ഞു. ചിലപ്പോൾ, ഇവ സത്യത്തിന്റെ അപകടകരമായ ആപേക്ഷികവൽക്കരണത്തിലേക്ക് നയിച്ചേക്കാനുള്ള സാധ്യതയുണ്ട്. അതേസമയം മറുവശത്ത്, ബഹുമാനവും കരുണയും ചില പ്രക്രിയകളിൽ ഒഴിവാക്കപ്പെടുന്നതും യാഥാർഥ്യമാണെന്ന് പാപ്പാ പറഞ്ഞു.

എല്ലാ പ്രവർത്തനങ്ങളെയും പ്രകാശിപ്പിക്കേണ്ടത് സത്യമെന്ന പുണ്യമാണെന്നും ഇത് യഥാർത്ഥ നീതിയിലേക്കു നയിക്കുന്ന വലിയ ചാലകശക്തിയായ കരുണയിൽ ഊന്നിയതാകണമെന്നും പാപ്പാ പറഞ്ഞു. അതിനാൽ, എല്ലാറ്റിനുമുപരിയായി ക്രിസ്തുവിലും സഭയിലും സുവിശേഷത്തിന്റെ സത്യത്തോടു ചേർന്നു

ള്ള അയൽക്കാരനോടുള്ള യഥാർത്ഥ സ്നേഹം ഏവരുടെയും പ്രവർത്തനത്തെ എപ്പോഴും പ്രചോദിപ്പിക്കും. കർശനമായ ബൗദ്ധിക സത്യസന്ധത, സാങ്കേതിക കഴിവ്, സത്യസന്ധമായ മനസ്സാക്ഷി എന്നിവയാൽ അടയാളപ്പെടുത്തിയതാകണം വിധിന്യായങ്ങൾ. മനഃസാക്ഷിയെയും ജീവിതത്തെയും ബാധിക്കുന്നതാകയാൽ, നടപടിക്രമ പ്രവർത്തനങ്ങൾ ശരിയും സമയബന്ധിതവുമായ രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ വിശ്വാസികൾക്കും മുഴുവൻ സഭാ സമൂഹത്തിനും അവകാശമുണ്ടെന്നത് പാപ്പാ സന്ദേശത്തിൽ അടിവരയിട്ടു പറഞ്ഞു. നീതിയും സമാധാനവും എല്ലാവരുടെയും നന്മ ലക്ഷ്യമിടുന്നു. എന്നാൽ നീതി വ്രണപ്പെടുമ്പോൾ, സമാധാനവും അപകടത്തിലാകുന്നു. ഇത്തരുണത്തിൽ ന്യായാധിപന്മാർ സമാധാന നിർമ്മാതാക്കളായി മാറുന്നു.നീതിന്യായ സംവിധാനം സത്യത്തെ കർശനമായി കാത്തുസൂക്ഷിക്കണം. എന്നാൽ കർക്കശതയില്ലാതെ, വിട്ടുവീഴ്ചയില്ലാതെ കാരുണ്യം നടപ്പിലാക്കുവാനുമുള്ള വിളി മറക്കരുത്. വിചാരണ തന്നെ പരസ്പരവിരുദ്ധമായ താൽപ്പര്യങ്ങൾ തമ്മിലുള്ള പിരിമുറുക്കമല്ല, മറിച്ച് കേസിലെ സത്യവും നീതിയും വിവേചിക്കുന്നതിനുള്ള ഒഴിച്ചുകൂടാനാവാത്ത ഉപകരണമാണെന്ന് പാപ്പാ ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യവും നിഷ്പക്ഷതയും കാത്തുസൂക്ഷിക്കുന്ന ന്യായാധിപൻ വിചാരണയിൽ ഉയർന്നുവന്ന ഘടകങ്ങൾക്കും വാദങ്ങൾക്കും അനുസൃതമായി തർക്കം പരിഹരിക്കണമെന്നും അല്ലാത്തപക്ഷം സഭാകൂട്ടായ്മയിൽ വലിയ മുറിവുകൾ ഏൽപ്പിക്കുന്നുവെന്നും പാപ്പാ പറഞ്ഞു.

## നിയമത്തിന്റെ മൂല്യം

'നീതി വിവേകപൂർണ്ണവും ശക്തവും മിതത്വമുള്ളതുമല്ലെങ്കിൽ അത് നീതിയല്ല' എന്ന വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട്, റോമൻ റോട്ടയുടെ ഡീൻ ആർച്ച്ബിഷപ്പ് അലഹാൻഡ്രോ അരെല്ലാനോ സംസാരിച്ചു. കോടതിയുടെ വിവിധ പ്രവർത്തനങ്ങളെ ഡീൻ പാപ്പായ്ക്ക് വിശദീകരിച്ചു. നീതി ന്യായ വ്യവഹാരത്തിൽ, 'സത്യത്തിൽ നീതിയോടുള്ള തുറന്ന മനോഭാവം' ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഡീൻ ഏവരെയും ഓർമ്മപ്പെടുത്തി. കർത്താവിൽ, എല്ലാറ്റിനും സമാനതകളില്ലാത്ത പ്രചോദനം കണ്ടെത്തി, അവനിൽ ദൃഷ്ടി ഉറപ്പിക്കുവാൻ അദ്ദേഹം ഏവരെയും ആഹ്വാനം ചെയ്തു. സത്യത്തിന്റെയും ജ്ഞാനത്തിന്റെയും വെളിച്ചത്തിൽ എപ്പോഴും ചിന്തിക്കാനും പൂർണ്ണമായും ഔപചാരികമായ മാനത്തിനപ്പുറം കൂടുതൽ ആഴത്തിൽ പോയി നിയമത്തെ വ്യാഖ്യാനിക്കാനും അതിനു നാം സേവിക്കുന്ന സത്യത്തിന്റെ ആഴമേറിയ അർത്ഥം ഗ്രഹിക്കാനുമുള്ള കഴിവ് ആവശ്യമാണെന്നും ചൂണ്ടിക്കാട്ടി. നീതിയെ പ്രോത്സാഹിപ്പിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നവർക്ക ജനസേവനം അടിസ്ഥാനപരമാണെന്നും, അതിനു പ്രാർത്ഥനയും ദൈവ വചന വായനയുമെല്ലാം ഏറെ സഹായകരമാകുന്നുവെന്നും ഡീൻ ഓർമ്മപ്പെടുത്തി. നിയമത്തിന്റെ മൂല്യം മനസ്സിലാക്കുന്നതിനും സത്യത്തിനായുള്ള സേവനത്തിൽ ദൈവത്തിന്റെ പദ്ധതിയോട് പ്രതികരിക്കുന്നതിനുമുള്ള പാത പ്രാർത്ഥന തുറന്നു തരുന്നു. ജനങ്ങളോടുള്ള കരുതൽ നിറഞ്ഞ മനോഭാവമാണ് സഭയിൽ നീതി പുലർത്തുന്നവരെ വ്യത്യസ്തരാക്കേണ്ട അടിസ്ഥാന ഗുണമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.'മനുഷ്യന്റെ അസ്തിത്വത്തെ ദൈവത്തിന്റെ സ്നേഹ പദ്ധതിയുമായി പൊരുത്തപ്പെടുത്താൻ സഹായിക്കുന്ന ഒരു സജീവ ജീവകാരുണ്യ പ്രവർത്തനമാണ് നീതിന്യായ പ്രവർത്തനം'– അദ്ദേഹം കൂട്ടിച്ചേർത്തു. ❍



# യുദ്ധങ്ങൾ അവസാനിക്കാൻ പ്രാർത്ഥിക്കാം , പ്രവർത്തിക്കാം ...

ഡോ. എഡ്‌വേർഡ് എടേഴത്ത്
യു. എസ്. എ.

SPECIAL REPORT



**വത്തിക്കാൻ സിറ്റി:** സംഘർഷഭരിതമായ എല്ലാ സ്ഥലങ്ങളിലും സമാധാനത്തിനായി ആഹ്വാനം ചെയ്തുകൊണ്ട്, ലെയോ പതിനാലാമൻ പാപ്പാ, ജനുവരി ഇരുപത്തിയഞ്ചിന് മധ്യാഹ്ന പ്രാർത്ഥനയ്ക്ക് ശേഷം, പ്രാർത്ഥനാഭ്യർത്ഥനകൾ നടത്തി. 'ശൈത്യകാല തണുപ്പിന് വിധേയരായ' ഉക്രേനിയൻ ജനതയെ പോലുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേകമായി ആഹ്വാനം ചെയ്തു. 'ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം, യുദ്ധം അവസാനിപ്പിക്കാൻ നമുക്ക് പ്രവർത്തിക്കാം.'– ഇതായിരുന്നു പാപ്പായുടെ വാക്കുകൾ. സമീപ ദിവസങ്ങളിൽ ഉക്രൈനിലെ ഊർജ്ജ അടിസ്ഥാന സൗകര്യങ്ങൾക്കെതിരെ നടന്ന നാടകീയമായ റഷ്യൻ ബോംബാക്രമണങ്ങളെ പാപ്പാ പ്രത്യേകം പരാമർശിച്ചു. പൂജ്യത്തിന് താഴെയുള്ള താപനിലയിൽ വൈദ്യുതി, വെള്ളം, ചൂടാക്കൽ എന്നിവയില്ലാതെ ഒരു ദശലക്ഷത്തിലധികം ആളുകളാണ് ഉക്രൈനിൽ ദുരിതമനുഭവിക്കുന്നത്. ഈ യുദ്ധം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതുണ്ട്. ലോക കുഷ്ഠരോഗ ദിനമെന്ന നിലയിൽ, ഈ രോഗം ബാധിച്ചവരെ പരിപാലിക്കുന്ന എല്ലാവരെയും പാപ്പാ പ്രത്യേകം അനുസ്മരിച്ചു. റോമിലെ കത്തോലിക്കാ ആക്ഷൻ പ്രസ്ഥാനത്തിലെ നിരവധി യുവാക്കൾ മധ്യാഹ്ന പ്രാർത്ഥനയുടെ അവസരത്തിൽ സന്നിഹിതരായിരുന്നു. വ്യത്യസ്ത വീക്ഷണ കോണിൽ നിന്ന് ലോകത്തെ കാണാൻ മുതിർന്നവരെ സഹായിക്കുന്നതിന് യുവാക്കൾക്ക് പാപ്പാ നന്ദി പറഞ്ഞു. വീട്ടിലും വിദ്യാലയങ്ങളിലും കായികരംഗത്തും എല്ലായിടത്തും സമാധാനം സൃഷ്ടിക്കുന്ന



വരാകണമെന്നും, വാക്കുകളിലൂടെയോ ആംഗ്യങ്ങളിലൂടെയോ ഒരിക്കലും അക്രമാസക്തരാകരുതെന്നും, നന്മകൊണ്ട് മാത്രമേ തിന്മയെ പരാജയപ്പെടുത്താൻ കഴിയൂ എന്നും യുവാക്കളെ ആഹ്വാനം ചെയ്തു. ജനങ്ങളോടുള്ള ബഹുമാനത്തിലൂടെയാണ് സമാധാനം കെട്ടിപ്പടുക്കുന്നത്.

**ദൈവം സുഹൃത്ത്**

യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം യജമാനൻ-ദാസൻ ബന്ധത്തിൽ നിന്ന് സൗഹൃദത്തിന്റെ തലത്തിലേക്ക് ഉയർന്നുവെന്ന് ലിയോ പതിന്നാലാമൻ പാപ്പ. പൊതുദർശനപരിപാടിയോടനുബന്ധിച്ച് , രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ഡെയി വേർബും' പ്രമാണരേഖയെ ആസ്പദമാക്കി നടത്തിയ പ്രസംഗത്തിലാണ് മാർപാപ്പ ഇക്കാര്യം വ്യക്തമാക്കിയത്. 'ഇനി ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കില്ല... ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു' (യോഹ 15:15) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് മാർപാപ്പ സന്ദേശം പങ്കുവച്ചു. സ്രഷ്ടാവായ ദൈവവും സൃഷ്ടിയായ മനുഷ്യനും തമ്മിൽ വലിയ അകലമുണ്ട്. നാം ദൈവത്തിന് തുല്യരല്ലെങ്കിലും, തന്റെ പുത്രനായ യേശുവിലൂടെ ദൈവം നമ്മെ തന്നോട് സദൃശരാക്കുകയും അവിടുത്തെ മക്കളാക്കി മാറ്റുകയും ചെയ്തു. ഇതാണ് പുതിയ ഉടമ്പടിയുടെ കാതൽ. ദൈവം മനുഷ്യനോട് നടത്തുന്ന സംഭാഷണത്തിലൂടെ തന്നെത്തന്നെ മനുഷ്യന് വെളിപ്പെടുത്തിക്കൊടുത്തുകൊണ്ട് ദൈവവുമായുള്ള സൗഹൃദത്തിലേക്ക് നമ്മെ ക്ഷണിക്കുന്നു. പാപം മൂലം മുറിഞ്ഞുപോയ ആ പഴയ സംഭാഷണം യേശുക്രിസ്തുവിലൂടെ വീണ്ടും പുനഃസ്ഥാപിക്കപ്പെട്ടു. ദൈവവുമായുള്ള ഈ സൗഹൃദം നിലനിർത്താൻ ശ്രവണവും സംസാരവും അനിവാര്യമാണ്. നമ്മുടെ ഹൃദയത്തിലേക്കും മനസിലേക്കും ദൈവവചനം ചൂഴ്ന്നിറങ്ങാൻ അനുവദിക്കുന്നതിനൊപ്പം പ്രാർത്ഥനയിലൂടെ നമ്മെത്തന്നെ ദൈവത്തിന് മുൻപിൽ വെളിപ്പെടുത്തുകയും അതിലൂടെ നമ്മെത്തന്നെ കൂടുതൽ ആഴത്തിൽ അറിയുകയും വേണം. യേശു നൽകുന്ന ഈ സൗഹൃദത്തിന്റെ വിളി തള്ളിക്കളയാതെ കാത്തുസൂക്ഷിക്കണമെന്നും അതാണ് നമ്മുടെ രക്ഷയെന്ന് തിരിച്ചറിയണമെന്നും പാപ്പ പറഞ്ഞു. ❍




# പരിശുദ്ധാഭിഷേകത്തിന്റെ ചിറകിൻകീഴിലായി മിഷൻദിനത്തിന്റെ ശതാബ്ദി

**SPECIAL REPORT**

**ഫാ. സേവ്യർ പടിയാരംപറമ്പിൽ**
ഓസ്ട്രിയ



**വത്തിക്കാൻ സിറ്റി:** പതിനൊന്നാം പീയൂസ് പാപ്പാ സ്ഥാപിച്ച ആഗോള മിഷൻ ദിനത്തിന്റെ നൂറാമത് വാർഷികം 2026 ഒക്ടോബർ മാസം പതിനെട്ടാം തീയതി ആഘോഷിക്കുന്നതിനു മുന്നോടിയായി 'ക്രിസ്തുവിൽ ഒന്നായും, പ്രേഷിതദൗത്യത്തിൽ ഐക്യപ്പെട്ടും', എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി, ലെയോ പതിനാലാമൻ പാപ്പായുടെ സന്ദേശം പ്രസിദ്ധീകരിച്ചു. ക്രിസ്തുവിൽ ഏകീകൃതവും അനുരഞ്ജനപ്പെട്ടതും ഔദാര്യത്തോടും വിശ്വാസത്തോടും സഹകരിക്കാനുള്ള സന്നദ്ധതയുൾക്കൊള്ളുന്നതുമായ, പരിശുദ്ധാത്മ അഭിഷേകത്താൽ നിറഞ്ഞ ഒരു സമൂഹമായി സഭ മുൻപോട്ടു പോകണമെന്ന് താൻ ഏറെ ആഗ്രഹിക്കുന്നുവെന്ന് പാപ്പാ സന്ദേശത്തിൽ എടുത്തു പറഞ്ഞു.

സഭയുടെ ചരിത്രത്തിലെ 'ഒരു പുതിയ മിഷനറി യുഗത്തിൽ' സുവിശേഷവത്കരണത്തോടുള്ള പ്രതിബദ്ധതയിൽ മുന്നേറുവാൻ ഏവരും സ്വയം മുൻപോട്ടു വരണം. പ്രേഷിത ദൗത്യത്തിന്റെ കാതൽ ക്രിസ്തുവുമായുള്ള ഐക്യത്തിന്റെ രഹസ്യം തന്നെയാണ്. കൂട്ടായ്മയ്ക്ക് വേണ്ടിയുള്ള പിതാവിനോടുള്ള യേശുവിന്റെ പ്രാർത്ഥന തന്റെ അഗാധമായ ആഗ്രഹവും അതേ സമയം സഭയുടെ, അവന്റെ ശിഷ്യന്മാരുടെ സമൂഹത്തിന്റെ സ്വത്വവും വെളിപ്പെടുത്തുന്നു. ഇത് ത്രിത്വത്തിൽ അടിസ്ഥാനമാക്കിയ ഒരു കൂട്ടായ്മയാണെന്നതും പാപ്പാ എടുത്തു പറഞ്ഞു. ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നത് ഒരു കൂട്ടം ആചാരങ്ങളോ ആശയങ്ങളോ അല്ല: മറിച്ച് അത്


ക്രിസ്തുവുമായുള്ള ഐക്യത്തിലുള്ള ഒരു ജീവിതമാണെന്നും, അപ്രകാരം പരിശുദ്ധാത്മാവിൽ പിതാവിനോടൊപ്പം ജീവിക്കുന്ന പുത്ര ബന്ധത്തിൽ നാം പങ്കാളികളാക്കപ്പെടുന്നുവെന്നും പാപ്പാ ചൂണ്ടിക്കാട്ടി. 'ഇക്കാരണത്താൽ, സഭയുടെ ആദ്യ മിഷനറി ഉത്തരവാദിത്തം അതിന്റെ അംഗങ്ങൾക്കിടയിൽ ആത്മീയവും സാഹോദര്യപരവുമായ ഐക്യം പുതുക്കുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ്". സംഘർഷങ്ങൾ, ധ്രുവീകരണങ്ങൾ, തെറ്റിദ്ധാരണകൾ, പരസ്പര അവിശ്വാസം എന്നിവ പ്രബലപ്പെടുന്ന സാഹചര്യത്തിൽ, ക്രിസ്തു തന്റെ ശിഷ്യന്മാരെ ഏല്പിച്ച സുവിശേഷവത്കരണ ദൗത്യത്തിന് അനുരഞ്ജനവും കൂട്ടായ്മയും നിറഞ്ഞ ഹൃദയങ്ങൾ ആവശ്യമാണ്. ഈ വീക്ഷണകോണിൽ, എല്ലാ ക്രിസ്തീയ സഭകളുമായും എക്യുമെനിക്കൽ പ്രതിബദ്ധതയുടെ ആവശ്യകതയും പാപ്പാ ചൂണ്ടിക്കാട്ടി.

**ദൗത്യത്തിന്റെ തുടക്കം**

ശിഷ്യന്മാരുടെ ഐക്യം ഒരു അവസാനമല്ല മറിച്ച് അതൊരു ദൗത്യത്തിന്റെ തുടക്കമായിരുന്നുവെന്നു ഓർമ്മപ്പെടുത്തിയ പാപ്പാ, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും തങ്ങളുടെ വിവിധ ജീവിത അന്തസ്സുകളിൽ, ക്രിസ്തു തന്റെ സഭയെ ഏൽപ്പിക്കുന്ന മഹത്തായ പ്രേഷിത വേലയിൽ പങ്കാളികളാകണമെന്ന് എടുത്തു പറഞ്ഞു. യഥാർത്ഥ പ്രേഷിതദൗത്യത്തിൽ പങ്കാളികളാകുക എന്നതിനർത്ഥം, കുർബാനയുടെയും മിഷനറി സഹകരണത്തിന്റെയും ആത്മീയത സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്നതാണ്. പ്രാദേശിക സമൂഹങ്ങൾ പരസ്പരം സഹകരിക്കുകയും സാംസ്കാരികവും ആത്മീയവും ആരാധനാക്രമപരവുമായ വ്യത്യാസങ്ങൾ ഒരേ വിശ്വാസത്തിൽ പൂർണ്ണമായും യോജിപ്പോടെയും പ്രകടിപ്പിക്കുകയും ചെയ്യുമ്പോഴാണ് സുവിശേഷവത്കരണം പൂർണ്ണമാക്കപ്പെടുന്നത്. ഇതിനുവേണ്ടി സഹകരിക്കുന്ന വിവിധ സംഘടനകളെ പാപ്പാ നന്ദിയോടെ അനുസ്മരിച്ചു.ഐക്യം ദൗത്യത്തിന്റെ വ്യവസ്ഥയാണെങ്കിൽ, സ്നേഹമാണ് അതിന്റെ സത്ത. സ്നേഹത്തിൽ നിന്ന് ജനിച്ചതും സ്നേഹത്തിൽ ജീവിക്കുന്നതും സ്നേഹത്തിലേക്ക് നയിക്കുന്നതുമായ ഒരു ദൗത്യമാണ് സഭയിൽ ആവശ്യം. ഇതാണ് ലോകത്തിൽ വിവിധ മിഷനറിമാർ നൽകിയ സാക്ഷ്യമെന്ന് പാപ്പാ കൂട്ടിച്ചേർത്തു. ആഗോള മിഷൻ ദിനത്തിന്റെ വിജയത്തിന് ഏവരുടെയും സഹായസഹകരണങ്ങൾ പാപ്പാ അഭ്യർത്ഥിച്ചു.

**'ജീവനാവകാശം മുഖ്യം'**

മനുഷ്യജീവന്റെ സംരക്ഷണത്തിന് വേണ്ടി, വാഷിംഗ്ടൺ ഡിസിയിൽ ജനുവരി 23 ന് നടന്ന മാർച്ച് ഫോർ ലൈഫിൽ (ജീവന് വേണ്ടിയുള്ള ജാഥ) സംബന്ധിക്കുന്നവർക്ക് അഭിനന്ദനങ്ങളും, ആത്മീയമായ അടുപ്പവും അറിയിച്ചുകൊണ്ട് ലിയോ പതിനാലാമൻ പാപ്പാ സന്ദേശമയച്ചു. 'ജീവിക്കാനുള്ള അവകാശത്തിന്റെ സംരക്ഷണം മറ്റെല്ലാ മനുഷ്യാവകാശങ്ങളുടെയും ഒഴിച്ചുകൂടാനാവാത്ത അടിത്തറയാണ്"– സന്ദേശത്തിൽ പാപ്പാ എടുത്തു പറഞ്ഞു. വാസ്തവത്തിൽ, ഒരു സമൂഹം ആരോഗ്യകരമായി പുരോഗതി പ്രാപിക്കുന്നത്, മനുഷ്യജീവിതത്തിന്റെ പവിത്രത സംരക്ഷിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുന്നതിനായി സജീവമായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ



മാത്രമാണെന്ന് പാപ്പാ ഓർമ്മപ്പെടുത്തി. ജീവൻ അതിന്റെ എല്ലാ ഘട്ടങ്ങളിലും സംരക്ഷിക്കപ്പെടുന്നതിനു പൗരന്മാരും രാഷ്ട്രീയ നേതാക്കളുമായുള്ള സംഭാഷണം ഉൾപ്പെടെ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ഉചിതമായ പരിശ്രമം വേണം. ഇതിന് പ്രത്യേകമായി യുവജനങ്ങളെ പാപ്പാ ആഹ്വാനം ചെയ്തു. ധൈര്യപൂർവം സമാധാനത്തോടെ ഗർഭസ്ഥ ശിശുക്കളുടെ അവകാശങ്ങൾക്ക വേണ്ടി ജാഥ നടത്തുമ്പോൾ, എപ്പോഴും യേശു ഏവർക്കും ഒപ്പമുണ്ടായിരിക്കും. അവർക്കുവേണ്ടി വാദിക്കുന്നതിലൂടെ, നമ്മുടെ ഏറ്റവും ചെറിയ സഹോദരീസഹോദരന്മാരിൽ അവനെ സേവിക്കാനുള്ള കർത്താവിന്റെ കൽപ്പനയാണ് ഏവരും നിറവേറ്റുന്നതെന്നു പാപ്പാ കൂട്ടിച്ചേർത്തു.

## മാധ്യമ പ്രവർത്തകരോട്

നിർമ്മിത ബുദ്ധിയുടെ സാങ്കേതിക അതിപ്രസരം അടയാളപ്പെടുത്തുന്ന ആധുനിക കാലഘട്ടത്തിൽ ബന്ധങ്ങളുടെയും, ആരെയും ഒഴിവാക്കാത്ത അട്ടഷത്തിന്റെയും ഊഷ്മളത ഊട്ടിയുറപ്പിക്കുവാൻ മാധ്യമപ്രവർത്തകരെ ലിയോ പതിനാലാമൻ പാപ്പാ ക്ഷണിച്ചു. വിശുദ്ധ ഫ്രാൻസിസ് ഡി സെയിൽസിന്റെ ദിനാഘോഷത്തോടനുബന്ധിച്ച് ജനുവരി 21 മുതൽ 23 വരെ ലൂർദിൽ നടന്ന കത്തോലിക്കാ മാധ്യമപ്രവർത്തകരുടെ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിന്റെ കൈയൊപ്പോട്ടു കൂടി അയച്ച സന്ദേശത്തിലാണ് പാപ്പാ ഇക്കാര്യം എടുത്തു പറഞ്ഞത്. കത്തോലിക്കാ മാധ്യമപ്രവർത്തനത്തിന്റെ മുഖമുദ്ര സത്യത്തിന്റെ സേവനമാണെന്നും, അത് വിശ്വാസികൾ അല്ലാത്തവർക്ക് പോലും ഉത്തരങ്ങൾ കണ്ടെത്തുവാൻ സഹായകരമാകുന്നുവെന്നും പാപ്പാ ചൂണ്ടിക്കാണിച്ചു. കത്തോലിക്കാ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, സമൂഹ മാധ്യമത്തിന്റെ പ്രചാരകർ എന്ന നിലയിൽ വിദ്വേഷത്തിന്റെയും മതഭ്രാന്തിന്റെയും ഹൃദയങ്ങളെ നിരായുധരാക്കി ധൈര്യത്തോടെ അനുരഞ്ജനം തേടുന്ന ശബ്ദങ്ങളായി മാറുന്നതിനും നന്മയുടെ വചനം വിതയ്ക്കുന്നവരാകുവാനും പാപ്പാ ഏവരെയും ക്ഷണിച്ചു. വിഘടിച്ചതും ധ്രുവീകരിക്കപ്പെട്ടതുമായ ഒരു ലോകത്ത് ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരും, ഏകാന്തതയിൽ കഴിയുന്നവരുമായ ആളുകൾക്ക് സ്നേഹത്തിന്റെ സന്തോഷം നൽകുന്ന മാപിനികൾ ആകുവാനും പാപ്പാ ആഹ്വാനം ചെയ്തു. സമാധാനവും മതാന്തര സംഭാഷണവും പ്രോത്സാഹിപ്പിക്കുന്നതിന് പ്രതിജ്ഞാബദ്ധരായ മാധ്യമപ്രവർത്തകർക്ക് സ്വജീവൻ നൽകിക്കൊണ്ട് വിശ്വാസത്തിനു സാക്ഷിയായിരുന്ന ഫാ. ജാക്വസ് ഹാമെലിന്റെ പേരിൽ നൽകുന്ന അവാർഡ് ഏവർക്കും ഒരു പ്രചോദനമാണ്. സംഭാഷണത്തിന്റെയും പരസ്പര ക്ഷമയുടെയും ശ്രവണത്തിന്റെയും മൂല്യങ്ങൾ തന്റെ ജീവിതത്തിൽ പഠിപ്പിച്ച വ്യക്തിയായിരുന്നു ഫാ. ജാക്വസ് ഹാമെൽ. പരസ്പരം അറിയാൻ, വ്യത്യാസങ്ങളെ ഭയപ്പെടാതെ മറ്റുള്ളവരിലേക്ക് ഇറങ്ങി ചെല്ലുവാൻ നാം തയ്യാറാകണം. സ്നേഹത്തിൽ, സത്യം അന്വേഷിക്കുന്നവരാകാൻ ഫാ.ജാക്വസ് ഹാമെലിന്റെ മാതൃക ഏവരെയും പ്രോത്സാഹിപ്പിക്കട്ടെ എന്ന് പാപ്പാ ആശംസിച്ചു. ❍





# വിദ്യാഭ്യാസസ്ഥാപനങ്ങളിലെ യുവജനശുശ്രൂഷ

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാര പൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പ്രബോധനപരമ്പര.*

**ക്രിസ്തു ജീവിക്കുന്നു – ഭാഗം 29**



അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യുവജന ശുശ്രൂഷ 221. കുഞ്ഞുങ്ങളേയും യുവജനങ്ങളേയും കൂട്ടിയിണക്കുന്ന ചോദ്യം ചെയ്യപ്പെടാത്ത ഇടമാണ് സ്ക്കൂളുകൾ. വ്യക്തിവികാസത്തിന്റെ പ്രത്യേക കളരിയെന്ന് കൃത്യമായ തിരിച്ചറിവിൽ ക്രിസ്ത്യൻ സമൂഹം അധ്യാപകരേയും നടത്തിപ്പുകാരേയും പരിശീലിപ്പിച്ചെടുക്കാനും വിവിധ നിലവാരത്തിലും തലത്തിലുമുള്ള സ്കൂളുകൾ തുടങ്ങാനും എപ്പോഴും ശ്രമിച്ചിരുന്നു. എണ്ണമറ്റ പ്രതിഭകളേയും വിശുദ്ധരേയും പരിശുദ്ധാത്മാവ് വിദ്യാഭ്യാസമേഖലകളിൽ ഉയർത്തിക്കൊണ്ടുവന്നു. എന്നിരുന്നാലും സ്കൂളുകൾ അടിയന്തരമായും സ്വയം വിമർശനത്തിന് വിധേയമാകേണ്ടതുണ്ട്. ഇവിടത്തെ അജപാലന ശുശ്രൂഷകൾ പരിശോധിച്ചാൽ ധാരാളം സ്കൂളുകളിലേയും മതപഠനം വിശ്വാസത്തിന്റെ നിലയ്ക്കാത്ത അനുഭവമായി മാറുന്നതിന് അപര്യാപ്തമാണ്. ചില കത്തോലിക്കാ സ്കൂളുകൾ നിലനിൽപിനുവേണ്ടി മാത്രം സ്ഥാപിതമായതുപോലെയുണ്ട്. ഏത് മാറ്റത്തിലും സംഭവിക്കാവുന്നതോ സങ്കല്പിക്കാവുന്നതോ ആയ അപകടങ്ങൾ ഭയന്ന് അവ മാറ്റങ്ങൾക്ക് വിമുഖമായി അറച്ചു നിൽക്കുകയാണ്. "പുറമേ നിന്നുള്ള" പിഴവുകളിൽ നിന്ന് വിദ്യാർഥികളെ പൊതിഞ്ഞു കാക്കുന്ന വെറും "ബങ്കറുകൾ' എന്ന ഹാസ്യചിത്രത്തിലേക്ക് ചില സ്ക്കൂളുകൾ മാറുന്നു. ഇവിടെനിന്നും ബിരുദമെടുത്തു പുറത്തിറങ്ങുന്ന യുവജനത അനുഭവിക്കുന്ന ദുസ്സഹാവസ്ഥ ഇത് പ്രതിഫലിപ്പിക്കുന്നു. അവർ പഠിച്ചതും പുറംലോകവും തമ്മിൽ അജഗജാന്തര വ്യത്യാസം. അവർക്ക് ലഭിച്ച് മതപരവും ധാർമികവുമായ പാഠങ്ങൾ ഇങ്ങനെയൊരു

അപമാനിത ലോകത്തിൽ ഉയർത്തിപ്പിടിക്കാൻ അവരെ സജ്ജമാക്കിയിട്ടില്ല. ത്വരിത വേഗതയിൽ പോകുന്ന ഇന്നത്തെ സമൂഹത്തിൽ പ്രാർത്ഥിക്കാനും വിശ്വാസം പരിശീലിക്കാനുമുള്ള വഴികൾ അവർ പഠിച്ചിട്ടില്ല. തന്റെ വിദ്യാർഥി ശക്തിയും ഉദ്ഗ്രഥനവും നേടിയ നേതാവും ദാതാവുമായി കാണുമ്പോഴാണ് ഏതൊരധ്യാപകനും കൃതാർഥനാകുന്നത്. 222, കത്തോലിക്കാ സ്കൂളുകൾ യുവജനങ്ങളുടെ സുവിശേഷവത്കരണത്തിലെ അവശ്യസ്ഥാനങ്ങളായി തുടരുന്നു. സ്കൂളുകളിലും സർവകലാശാലകളിലുമുള്ള പ്രേഷിത പ്രവർത്തനത്തിന്റെ എത്തിച്ചേരൽ (missionary outreach) എങ്ങനെ നവീകരിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യണമെന്ന് സത്യത്തിന്റെ ആനന്ദത്തിൽ നിർദ്ദേശിച്ചിരിക്കുന്നത് കണക്കിലെടുക്കേണ്ടതുണ്ട്. കെരിഗ്മയുടെ നവ്യാനുഭവം, വിപുലമായ ചർച്ചകൾ, വിവിധ തലങ്ങളിലുള്ള സമീപനങ്ങൾ, അഭിമുഖീകരിക്കാനുള്ള സംസ്കാരം വളർത്തിയെടുക്കൽ, മനുഷ്യക്കണ്ണികൾ രൂപീകരിക്കുന്നതിന്റെ അനിവാര്യത, ഏറ്റവും പിന്നിലുള്ളവർക്കും തിരസ്കൃതർക്കും ഒപ്പമുള്ള യാത്ര തുടങ്ങിയ നിർദേശങ്ങളാണവ. അതേപോലെ പ്രധാനമാണ് ഹൃദയവും മസ്തിഷ്കവും കരങ്ങളും സംയോജിപ്പിക്കുന്നതിനുള്ള കഴിവും 223. മറ്റൊരു വിധത്തിൽ നമുക്ക് ആത്മീയ രൂപീകരണത്തെ സാംസ്കാരിക രൂപീകരണത്തിൽ നിന്ന് വേർതിരിച്ചു കാണാനാകില്ല. സഭ എക്കാലവും യുവജനതയ്ക്ക് മികച്ച വിദ്യാഭ്യാസം നൽകാൻ ശ്രമിച്ചിട്ടുണ്ട്. അതിനിയും തുടരേണ്ടതുണ്ട്, എന്തെന്നാൽ യുവജനതയ്ക്ക് അവകാശമുണ്ട്. "ഇന്ന്, എല്ലാറ്റിനുമുപരി, മികച്ച വിദ്യാഭ്യാസമെന്നാൽ വിജ്ഞാന സംരക്ഷണമെന്നാണ്. അതായത് ഈ മാനുഷികവും മാനുഷികത ഉണർത്തുന്നതുമായ അറിവ്. പലപ്പോഴും ജീവിതത്തിലെ നിസ്സാരവും നശ്വരവുമായ മാതൃകകളാൽ നാം സ്വയം പൊരുത്തപ്പെടുകയാണ്. ത്യാഗത്തെ നിരസിച്ച്, വിലയറ്റ വിജയത്തിനു പിന്നാലെ നെട്ടോട്ടം തുടരുന്നു. പൊടുന്നനെ ഫലംതരാത്ത വിദ്യാഭ്യാസത്തെ അവമതിക്കുന്നു. തീർച്ചയായും വിദ്യാഭ്യാസം നമ്മെ ചോദ്യങ്ങളുയർത്താൻ പ്രേരിപ്പിക്കുന്നു. നിസ്സാരതയിൽ മരവിച്ചുപോകാത്തവരായി, ജീവിതത്തിൽ അർത്ഥം തേടാൻ പ്രോത്സാഹിപ്പിക്കുന്നു. ഈ തെരച്ചിലിൽ നിന്നും നമ്മെ വഴി തെറ്റിക്കുന്ന കുഴലൂത്തുകളിൽ നിന്ന് മോചിതരായി നാം നമ്മുടെ അവകാശം പുനഃസ്ഥാപിക്കണം. സൈനികരെ വശീകരിക്കാനും പാറയിൽ തട്ടിത്തകർക്കാനും കേട്ട കുഴലൂത്തിനെ എതിരിടാൻ യുലീസസ് സ്വയം കപ്പൽ പായ്മരത്തോടു ബന്ധിച്ച് തന്റെ കൂട്ടുകാരെ രക്ഷപ്പെടുത്തി. അതേസമയം ഒർഫിയസ് ഈ ഊത്തുപാട്ടിനെ എതിരിടാൻ അതിലും മനോഹരമായ മറ്റൊരു മധുരഗാനം രചിക്കുകയായിരുന്നു. അത് കുഴലൂത്തിനേയും വശീകരിച്ചുകളഞ്ഞു. എങ്കിൽ ഇതാണ് നിങ്ങളുടെ മുന്നിലെ വലിയ വെല്ലുവിളി. ഗവേഷണം, അറിവ് പങ്കുവയ്ക്കൽ എന്നിവയിലൂടെ ചിന്തിച്ചുറച്ച തീരുമാനങ്ങൾ വഴി സാംസ്കാരിക ഉപഭോഗരീതിയുടെ കോട്ടങ്ങളോട് പ്രതികരിക്കുക.'* വികസിപ്പിക്കപ്പെടേണ്ട മേഖലകൾ 224, വളരെയധികം യുവജനങ്ങൾ നിശബ്ദതയും ദൈവസാന്നിധ്യവും വിലമതിക്കുന്നുണ്ട്. പരിശുദ്ധ കുർബാനയെ ആരാധിക്കുന്നതും അവതരിച്ച വചനത്തോടു പ്രാർത്ഥിക്കുന്നതും വർധിച്ചിട്ടുണ്ട്. ധ്യാനനിർഭരമായി പ്രാർത്ഥിക്കാനുള്ള യുവജനതയുടെ കഴിവിനെ നാം വിലയിടിച്ചു കാണരുത്. മൂല്യവത്തായ ആ അനുഭവത്തെ വർധിപ്പിക്കാൻ അവർക്ക് ശരിയായ വഴിയും സഹായവും ഒരുക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. ആരാധനയുടെയും പ്രാർത്ഥനയുടെയും കാര്യം വരുമ്പോൾ "നിരവധി സ്ഥലങ്ങളിൽ യുവകത്തോലിക്കർ പ്രാർത്ഥനയ്ക്കുള്ള അവസരവും ദിവ്യകാരുണ്യ ആശീർവാദവും ആവശ്യപ്പെടുന്നു. അതുവഴി അവരുടെ നിത്യജീവിതത്തോട് നവമായും ആധികാരികമായും ആനന്ദത്തോടും കൂടി ആശയവിനിമയം നടത്താൻ അവർ ആഗ്രഹിക്കുന്നു."ആരാധനാവർഷത്തിലെ മഹത് നിമിഷങ്ങളായ വിശുദ്ധ വാരം, പെന്തക്കുസ്ത, ക്രിസ്മസ് എന്നിവ വളരെ പ്രാധാന്യത്തോടെ ആചരിക്കപ്പെടണം. എന്നാൽ മറ്റു ആഘോഷസന്ദർഭങ്ങൾ അവരുടെ ദിനചര്യയിൽ ഒരു സ്വാഗതാർഹമായ ഇടവേള സൃഷ്ടിക്കുകയും വിശ്വാസത്തിന്റെ ആനന്ദം അനുഭവിക്കാൻ സഹായിക്കുകയും ചെയ്യും.❍



ഓർമ്മ / ആദരം


# ജ്ഞാന പ്രകാശ വീചികൾ നറുനിലാവാക്കി മാറ്റിയ സാത്വികാചാര്യൻ



**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**

കേരളത്തിനകത്തും പുറത്തുമുള്ള മേജർ സെമിനാരികളിൽ എണ്ണിയാൽത്തീരാത്ത വൈദികാർത്ഥികൾക്ക് ആധ്യാത്മിക അധ്യയന മണ്ഡലം ഓഹരിയാക്കിയ സാത്വികാചാര്യൻ ഡോ.സിറിയക് ഏലിയാസ് കണിച്ചായി അച്ചൻ പ്രകാശലോകങ്ങളിലേക്ക് കടന്നുപോയി. ആധ്യാത്മിക, വിദ്യാഭ്യാസ, ആതുരശുശ്രൂഷാ മേഖലകളിലൊക്കെ കാന്തിമത്തായ സംഭാവനകൾ അവകാശമാക്കിയ ഏതദ്ദേശീയ സന്ന്യസ്ത സമൂഹം സി.എം.ഐ. സഭയിലെ വിശ്രുത അംഗമായിരുന്നു കണിച്ചായി അച്ചൻ. പുകൾപെറ്റ കുറെ പതിറ്റാണ്ടുകളുടെ ഗുരുനാഥ സാന്നിധ്യമായിരുന്നു സെമിനാരികളിൽ അദ്ദേഹം. മഹിതമായ കർമ്മലീത്താ മിഷണറി പൈതൃകം പേറുന്ന ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലും ബാംഗ്ലൂർ വിദ്യാക്ഷേത്രത്തിലും പിന്നെത്രയോ വൈദിക മഹാപാഠശാലകളിലും അദ്ദേഹം അധ്യാപനസപര്യ നിറവേറ്റി. തത്ത്വശാസ്ത്ര - ദൈവശാസ്ത്രമേഖലകൾ, അവിടങ്ങളിലെ ഗഹന വിഷയങ്ങൾ എല്ലാമെല്ലാം അദ്ദേഹത്തിന്റെ വചോവിന്യാസങ്ങളാൽ അതിലളിതവും സുഗ്രഹവുമായി അനുഭവപ്പെട്ടുവെന്ന് ശിഷ്യഗണങ്ങളിൽപ്പെട്ട പില്ക്കാല മെത്രാന്മാരും വൈദികരും സാക്ഷിക്കുന്നു. കുറെ വരിഷ്ഠവും വിശിഷ്ടവുമായ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്. സന്ന്യാസസമീക്ഷ, ജ്ഞാന പ്രകാശം എന്നിങ്ങനെ ദൈവവിജ്ഞാനീയ മേഖലങ്ങളിലെ ചില അക്ഷരനക്ഷത്രങ്ങൾ, ബോധനവീകരണികൾ...

ദൈവവിചാരങ്ങളിലും ആത്മിക വികാരങ്ങളിലും നിന്ന് ഉറവപൊട്ടിയ ഒരു ക്രിസ്തീയ ഭക്തിഗാനം "ആരതി, ആരതി ആരാധന" എന്ന സ്തുതി ഗീതം, ദൈവോന്മുഖചിത്ത മുക്തി ശ്രോതാക്കളിൽ അവശേഷമാക്കുന്നു.വിദേശികളും സ്വദേശികളുമായ ദാർശനിക ചിന്തകൾ അദ്ദേഹം ആദരത്വേന ഉള്ളിലാത്തുക്കിയിരുന്നും. പ്രായേണ അതിദുർഗ്രഹവും താരതമ്യേന അരോചകവുമായ എപ്പിസ്റ്റമോളജി (ജ്ഞാനശാസ്ത്രം) പോലുള്ള വിഷയങ്ങൾ അത്രമേൽ സുലളിതമായി പഠിതാക്കൾക്കു പകർന്നുകൊടുക്കാൻ സാമാന്യാധികമായ പാടവം കണിച്ചായി അച്ചൻ കാണിച്ചിരുന്നു. കാന്റ്, സാർത്ര് പോ



## ടൂറിനിലെ തിരുക്കച്ച ഇനി ഡിജിറ്റലായി കാണാം

**യേശുവിന്റെ** തിരുശരീരം പൊതിഞ്ഞ വസ്ത്രമായി വിശ്വസിക്കപ്പെടുന്ന ടൂറിനിലെ തിരുക്കച്ച ഡിജിറ്റൽ രൂപത്തിൽ ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് ലഭ്യമാകും. avolti.org,sindone.orgഎന്നീ വെബ്സൈറ്റുകൾ വഴി തിരുക്കച്ചയുടെ വിശദാംശങ്ങൾ ഓൺലൈനായി വീക്ഷിക്കാം. വത്തിക്കാനിലെ അപ്പോസ്തോലിക് കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ ലെയോ മാർപാപ്പ ഈ പുതിയ സംവിധാനം ആദ്യമായി വീക്ഷിച്ചു. ടൂറിൻ ആർച്ച്ബിഷപ്പും തിരുക്കച്ചയുടെ സൂക്ഷിപ്പുകാരനുമായ കർദിനാൾ റോബർട്ടോ റെപ്പോളാണ് ഈ പദ്ധതി മാർപാപ്പയ്ക്ക് മുന്നിൽ അവതരിപ്പിച്ചത്.തിരുക്കച്ചയെക്കുറിച്ച് മുൻ പരിചയമില്ലാത്തവർ ഉൾപ്പെടെ എല്ലാവർക്കും മനസിലാകുന്ന തരത്തിലാണ് ഡിജിറ്റൽ പതിപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.2025 ജൂബിലി വർഷത്തിൽ ടൂറിനിൽ സ്ഥാപിച്ച അവോൾട്ടി എന്ന പേരിലുള്ള താൽക്കാലിക പ്രദർശനത്തിന്റെ തുടർച്ചയായാണ് ഈ ഡിജിറ്റൽ സംവിധാനം ഒരുക്കിയിരിക്കുന്നത്.തിരുക്കച്ചയുടെ അതിസൂക്ഷ്മമായ വിശദാംശങ്ങൾ പോലും ഹൈ-റെസല്യൂഷനിൽ വെബ്സൈറ്റുകളിലൂടെ ലഭ്യമാകും. യേശുവിന്റെ മുഖം, മുറിവുകൾ, ക്രൂശീകരണത്തിന്റെ അടയാളങ്ങൾ എന്നിവ വിശദമായി 'സൂം' ചെയ്ത് കാണാവുന്നതാണ്. തിരുക്കച്ചയിൽ പതിഞ്ഞിരിക്കുന്ന ഓരോ ഭാഗവും വിശദീകരിക്കുന്ന കുറിപ്പുകളും ബന്ധപ്പെട്ട ബൈബിൾ ഭാഗങ്ങളും ഇതിൽ ഉൾപ്പെടുന്നു.




## 'അസീസി വർഷം'

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 800-ാം ചരമ വാർഷികത്തോടനുബന്ധിച്ച് 'വിശുദ്ധ ഫ്രാൻസിസിന്റെ പ്രത്യേക വർഷം' പ്രഖ്യാപിച്ച് വത്തിക്കാൻ. പരിശുദ്ധ സിംഹാസനത്തിന്റെ അപ്പസ്തോലിക്ക് പെനിറ്റൻഷ്യറി പുറപ്പെടുവിച്ച ഡിക്രിപ്രകാരം 2027 ജനുവരി 10 വരെ നീണ്ടുനിൽക്കുന്ന വർഷാചരണത്തിന്റെ ഭാഗമായി, വിശ്വാസികൾക്ക് പൂർണ ദണ്ഡവിമോചനം നേടാനുള്ള അവസരമുണ്ട്.1226 ഒക്ടോബർ 3-ന് അസീസിയിൽ അന്തരിച്ച വിശുദ്ധ ഫ്രാൻസിസിന്റെ ഭൗതികാവശിഷ്ടങ്ങൾ ഫെബ്രുവരി 22 മുതൽ മാർച്ച് 22 വരെ അസീസിയിലെ ബസിലിക്കയിൽ പൊതുദർശനത്തിനായി പ്രതിഷ്ഠിക്കും.

---

ലുള്ളവരുടെ ദർശനധാരകൾ അദ്ദേഹത്തിന് കരതലാമലകം പോലെയായിരുന്നുവെന്ന് മോൺ. ജോളി വടക്കനെപ്പോലുള്ള അന്നത്തെ വൈദികാർഥികൾ ഏറ്റുപറയുന്നത് നൂറ് നാവാലെയാണ്. കണിച്ചായി അച്ചന്റെ ആത്മാവ് ദൈവസന്നിധിയിലെ ശാന്തപ്രശാന്തതയിൽ വിലയിക്കട്ടെ. ❍

# മധുരം സായന്തനം

## പ്രാർത്ഥനാശംസകൾ

## പി.ഒ.സി. പാലാരിവട്ടം







പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന കെ സി ബി സി
മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. സെബാസ്റ്റ്യൻ മിൽട്ടൺ
കളപ്പുരയ്ക്കലിനെ മധുരം സായന്തനം കുട്ടായ്മ ആദരിച്ചപ്പോൾ



# ചരിത്രകാരന്മാർക്ക് ആദരം






കേരള ലാറ്റിൻ കാത്തലിക്ക് ഹിസ്റ്ററി അസോസിയേഷൻ ചരിത്രകാരൻമാരെ ആദരിച്ചപ്പോൾ. വരാപ്പുഴ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ ഡോ ജോസഫ് കളത്തിപ്പറമ്പിലിൽ നിന്ന് ഫാ.ഡോ. ആന്റണി ജോർജ് പാട്ടപ്പറമ്പിലും (ചരിത്രഭൂഷൺ ) ആന്റണി ചടയംമുറിയും (ചരിത്ര ബോധി) അവാർഡുകൾ ഏറ്റുവാങ്ങുന്നു. അവാർഡ് ജേതാക്കളുടെ പൂർണ്ണ പട്ടിക താഴെ. ഡോ.ആന്റണി ജോർജ് പാട്ടപ്പറമ്പിലിന് ചരിത്രഭൂഷൺ അവാർഡും (25,000 രൂപയും പ്രശസ്തിപത്രവും) ജോർജ് ജെക്കോബി, ഷെവ.ഡോ. പ്രീമൂസ് പെരിഞ്ചേരി, പ്രൊഫ. ഇഗ്നേഷ്യസ് ഗൊൺസാൽവസ്, വിൽഫ്രഡ് പുല്ലുവിള, മോൺ. ഫെർഡിനൻഡ് കായാവിൽ, റവ. ഡോ. വി.പി. ജോസഫ് വലിയവീട്ടിൽ, ഫാ. റൊമാൻസ് ആന്റണി, പീറ്റർ കുരിശിങ്കൽ, സ്റ്റാൻലി പാട്രിക്, സിസ്റ്റർ ഡോ.സൂസി കിണറ്റിങ്കൽ, എഫ്. ആന്റണി പുത്തൂർ ചാത്യാത്ത്, ഫാ. നെൽസൺ തൈപ്പറമ്പിൽ, രതീഷ് ഭജനമഠം, സിസ്റ്റർ ഡോ.മേരി അന്റോണിയോ, ക്രിസ്റ്റഫർ മാളിയേക്കൽ, ജോസഫ് മാനിഷാദ്, ഫാ. രൂപേഷ് മൈക്കിൾ, ഫാ. ജോഷി മുട്ടിക്കൽ എന്നിവർക്ക് ചരിത്രപ്രതിഭ അവാർഡുകളും (10,000 രൂപയും പ്രശസ്തിപത്രവും) മാർഷൽ ഫ്രാങ്ക്, ആന്റണി ചടയംമുറി എന്നിവർക്ക് ചരിത്രബോധി അവാർഡുകളും (10,000 രൂപയും പ്രശസ്തിപത്രവും).





വാർത്തയും ചിന്തയും

# കരുതലോടെ ചേർത്തുപിടിക്കണം, വിറയലാർന്ന ജീവിതങ്ങളെ

**ആന്റണി ചടയംമുറി**

**വാർത്ത**

തൃശ്ശൂർ ജില്ലയിൽ എഴുപതു കഴിഞ്ഞ മൂന്ന് സഹോദരിമാർ കീടനാശിനി കഴിച്ച് മൂന്നാഴ്ച മുമ്പ് ആത്മഹത്യ ചെയ്തു. അവിവാഹിതരായിരുന്നു ഇവർ. രണ്ട് മാസങ്ങൾക്കു മുമ്പ്, രോഗബാധിതയായ ഭാര്യയെ ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയ ശേഷം ഭർത്താവ് ആശുപത്രി കെട്ടിടത്തിനു മുകളിൽ നിന്ന് ചാടി മരിച്ചു. വാർദ്ധക്യത്തിൽ, ഓരോ വ്യക്തികളെയും കുടുംബങ്ങളെയും ബാധിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. കോവിഡ് പോലുള്ള മഹാമാരികളെ പ്രതിരോധിക്കാൻ നാം കാണിച്ച ആത്മധൈര്യം, വാർദ്ധക്യവും രോഗവും അലട്ടുന്ന മനുഷ്യരെ പരിപാലിക്കുന്നതിൽ നാം പുലർത്തുന്നുണ്ടോ ? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം ബലഹീനരെയും അഗതികളെയും പരിപാലിക്കാൻ സംസ്ഥാന ഭരണകൂടം ഏൽപ്പിച്ചു കൊടുക്കുമ്പോൾ, അതിനുള്ള പണംകൂടി നൽകേണ്ടതുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ കഴിഞ്ഞ ബജറ്റിലെ വിഹിതം 38 ശതമാനം മാത്രമാണ് സർക്കാർ ചെലവഴിക്കാനായി നൽകിയത്. പത്തുവർഷത്തോളം തുടർച്ചയായി ഭരിച്ചിട്ടും വയോജനങ്ങളുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അവരോട് കരുതലുള്ളവരായിരിക്കാൻ നാം പ്രതിജ്ഞാബദ്ധരല്ലേ? ഏറ്റവും പുതിയ കണക്കുകളനുസരിച്ച് കേരളത്തിലെ ജനസംഖ്യയിൽ 18.7 ശതമാനം 60 വയസ്സ് കഴിഞ്ഞവരാണ്. സമൂഹത്തിന്റെ സമാധാനപരവും സന്തുഷ്ടവുമായുള്ള ജനജീവിതം ഉറപ്പാക്കാൻ, ഈ വൃദ്ധജനങ്ങളെ കുറെക്കൂടി കരുതലോടെ ചേർത്തുപിടിക്കുന്നത് 'ക്ഷേമരാഷ്ട്രം' കൈവരിക്കാനുള്ള നേട്ടങ്ങളുടെ വിജയസ്തൂപങ്ങളിൽ ഒന്നാണെന്ന് മറക്കാതിരിക്കാം.

**ചിന്ത**

വാർദ്ധക്യത്തിലെത്തിയവരോടുള്ള ശ്രദ്ധ സമൂഹത്തിൽ വ്യത്യാസമുണ്ടാക്കും... ആ സമൂഹം വാർദ്ധക്യത്തിലെത്തിയവരുടെ ജ്ഞാനത്തെ ആദരിച്ചാൽ പുരോഗതി പ്രാപിക്കും.

**സുവിശേഷത്തിന്റെ സന്തോഷം ഫ്രാൻസിസ് പാപ്പ – (നമ്പർ 192 )**

# Silver Jubilee Celebrations




Thanksgiving Mass

**Our Lady of Health Church, Saude at 4 pm**

**31st January 2026**

VATHICAN THARANGAM
RN 55178/94
Total Pages 28 Date of Publication 31-01-2026




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Sebastian Milton Kalappurakkal.